# കേരള സർക്കാർ
# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4114** | **2014 ഡിസംബർ 16-ലെ മറുപടിക്ക്**

### ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | ഉത്തരം<br>ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാനത്തെ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം നടത്താറുണ്ടോ; അവസാന അവലോകന യോഗം നടന്നത് എന്നാണ്; | സംസ്ഥാനത്തെ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാ മാസവും അവലോകന യോഗം നടത്തിവരുന്നു. എല്ലാ മാസവും ആദ്യ ആഴ്ച തന്നെ മുൻ മാസങ്ങളിൽ നടന്ന പരിശോധനകളിൻമേൽ അവലോകനം നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. അവസാനത്തെ അവലോകന യോഗം നടന്നത് 02.12.2014-ലാണ്. |
| (ബി) ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തുന്ന ക്രമക്കേടുകളിൻമേൽ എടുത്ത നടപടി എന്താണെന്ന് അറിയിക്കാമോ? | ധനകാര്യ പരിശോധനാ റിപ്പോർട്ടുകളിൻമേൽ തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്. ആയതിനായി റിപ്പോർട്ടുകൾ അനന്തര നടപടി ശുപാർശ ചെയ്ത് ഭരണ വകുപ്പിന് അയച്ചുകൊടുക്കുകയും, നടപടി റിപ്പോർട്ടുകൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയാണെങ്കിൽ ഓർമ്മക്കുറിപ്പുകൾ അയച്ച് നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇത് കൂടാതെ ഫയൽ അദാലത്തുകൾ നടത്തി കെട്ടിക്കിടക്കുന്ന ഫയലുകളിന്മേൽ തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**